Draft #1 of File 44335/AC B1-2/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 16-Feb-2021 01:17 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അഫിലിയേറ്റഡ് ഗവണ്മെന്റ് എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ ജോലിഭാരം സംബന്ധിച്ച ഡിജിറ്റൽ ഡേറ്റാബേസ് തയ്യാറാക്കുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് തീരുമാനം - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 1020/AC B 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.02.2021

---

*പരാമർശം:*-1) 01.04.2020 തീയതിയിലെ G O (Ms)No.155/2020/HEdn നമ്പർ സർക്കാർ ഉത്തരവ്.

2) കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 14.07.2020 തീയതിയിലെ D4/19408/2020 /DCEനമ്പർ കത്ത്

3) കോട്ടയം, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 04.09.2020 തീയതിയിലെ A6/5372/2020/DCEDD KTM നമ്പർ കത്ത്

4) എറണാകുളം,കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 07.09.2020 തീയതിയിലെ A1/2814/2020/DCEDD EKM നമ്പർ കത്ത്

5) 30.01.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 56/21.01/44335/ACB1-2/2020

**<u>ഉത്തരവ്</u>**

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ, പരാമർശം (2) കത്ത് പ്രകാരം, എയ്ഡഡ് കോളേജുകളിലെ വിവിധ വിഭാഗങ്ങളിലെ അദ്ധ്യാപക ജോലിഭാരം പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികയും ചേർത്ത് ഡിജിറ്റൽ ഡാറ്റാബേസ് തയ്യാറാക്കി നൽകേണ്ടതാണെന്നും പ്രസ്തുത വിഷയം സർവ്വകലാശാലകളുമായി അടിയന്തിരമായി ചർച്ച ചെയ്തു തീരുമാനം എടുക്കേണ്ടതാണെന്നും കോട്ടയം / എറണാകുളം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, കോട്ടയം,കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (3)പ്രകാരം, തങ്ങളുടെ കീഴിൽ വരുന്ന കോളേജുകളിലെ പി ജി വെയ്റ്റേജ് ഒഴിവാക്കിയുള്ള ജോലിഭാര പട്ടിക തയ്യാറാക്കി സമർപ്പിക്കുകയും, ടി പട്ടികയിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിർദേശത്തിനും, അംഗീകരിക്കാവുന്നതാണെങ്കിൽ മേലൊപ്പ് വച്ച് നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു. എറണാകുളം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (4)പ്രകാരം, എയ്ഡഡ് കോളേജുകളിലെ വിവിധ വിഭാഗങ്ങളിലെ ജോലിഭാരം സംബന്ധിച്ച് 01.04.2020-ലെ ഉത്തരവിന്റെ വെളിച്ചത്തിൽ സർവകലാശാലയുടെ അഭിപ്രായവും നിർദ്ദേശവും അറിയിക്കണമെന്ന് അഭ്യർഥിച്ചിരുന്നു.

പ്രസ്തുത വിഷയം പരിഗണിച്ച 30.01.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (5) പ്രകാരം താഴെ പറയുന്ന തീരുമാനമെടുത്തിരിക്കുന്നു

"അഫിലിയേറ്റഡ് ഗവ:എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ ജോലിഭാരം സംബന്ധിച്ച ഡിജിറ്റൽ ഡാറ്റാബേസ് തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ,
കോട്ടയം/എറണാകുളം
3. വൈസ് ചാൻസലറുടെ/പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
4. രജിസ്ട്രാറുടെ/പരീക്ഷ കൺട്രോളറുടെ പി.എ
5. എ സി സി സെക്ഷൻ/എ സി ബി 2 സെക്ഷൻ/ഐ.ക്യു.എ.സി
6. സി.ഡി 1 സെക്ഷൻ/ റെക്കോർഡ്സ് സെക്ഷൻ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7. കരുതൽ ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 44335/AC B1-2/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 16-Feb-2021 01:17 PM - Page 2